സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ക്ഷേത്ര ജീവനക്കാരിൽ നിന്നും ആഫീസ് അറ്റൻഡന്റ്, വാച്ചർ എന്നീ തസ്തികകളിലേക്കുള്ള തസ്തികമാറ്റം- ശമ്പള സ്കെയിൽ സംരക്ഷിച്ച് നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ROC No. 2191/21/Est-1** തിരുവനന്തപുരം, 05/06/2026

---

പരാമർശം : 1. ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 17/04/2025 ലെ DA 330/25/E-1 നമ്പർ റിപ്പോർട്ട്

2. 22/09/2025 ലെ മേൽ നമ്പർ ബോർഡുത്തരവ്

3. ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 24/04/2026 ലെ DA 215/26/E-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ക്ലാസ്ഫോർ തസ്തികയിലേയ്ക്ക് തസ്തികമാറ്റമോ പ്രൊമോഷനോ ലഭിക്കുമ്പോൾ ഉയർന്ന സ്കെയിലിൽ നിന്ന് താഴ്ന്ന സ്കെയിലിലേക്ക് മാറേണ്ട അവസ്ഥ ഉണ്ടായാൽ അടിസ്ഥാന ശമ്പളത്തോടൊപ്പം ശമ്പള സ്കെയിൽ കൂടി നിലനിർത്താനും ശമ്പള സ്കെയിലിൽ മാറ്റമുണ്ടാകാത്തത് പരിഗണിച്ച് സമയബന്ധിത ഹയർഗ്രേഡ് ആനുകൂല്യങ്ങൾക്ക് മുൻകാല സർവ്വീസ് പരിഗണിക്കാവുന്നതാണ്ണെന്നും വ്യക്തമാക്കി ഉത്തരവുണ്ടാകുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു.(പരാമർശം 1)

തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും/സ്ഥാനക്കയറ്റത്തിനും ബന്ധപ്പെട്ട ജീവനക്കാർ വാങ്ങി വന്നിരുന്ന അടിസ്ഥാന ശമ്പളം സംരക്ഷിച്ച് നൽകാവുന്നതാണെന്ന് നിർദ്ദേശിച്ച് ബോർഡുത്തരവ് പുറപ്പെടുവിച്ചു. (പരാമർശം 2)

ക്ഷേത്ര ജീവനക്കാരിൽ നിന്നും സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ആഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് തസ്തികമാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് സമയബന്ധിത ഹയർഗ്രേഡിലൂടെ അവർ വാങ്ങിവന്നിരുന്ന ഉയർന്ന ശമ്പളസ്കെയിലിൽ നിന്നും ആഫീസ് അറ്റൻഡന്റ് തസ്തികയുടെ ശമ്പളസ്കെയിലിലേക്ക് മാറേണ്ടി വരുമ്പോൾ അടിസ്ഥാന ശമ്പളം താഴ്ന്ന സ്കെയിലിനേക്കാൾ അധികരിക്കുന്നതിനാൽ stagnation increment നിലവിലെ ശമ്പളപരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുമെങ്കിലും അവരുടെ വാർഷിക ഇൻക്രിമെന്റുകളും ഹയർഗ്രേഡ് ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നതായും കഴകം, തളി,

(മറുപുറം)

പഞ്ചവാദ്യം തുടങ്ങിയ തസ്തികകളിൽ ജോലി നോക്കുന്ന പുരുഷ ജീവനക്കാർക്ക് സീനിയോരിറ്റി ക്രമത്തിൽ വാച്ചർ തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിക്കുന്ന അവസരത്തിലും മേൽ വിവരിച്ച ക്രമം ഇൻക്രിമെന്റുകളും സമയബന്ധിത ഹയർഗ്രേഡുകളും അനുവദിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും വിവരിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം 3)

സർക്കാർ സർവ്വീസിലെ തസ്തികകളുടെ എണ്ണത്തിൽ നിന്നും വിഭിന്നമായി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ തസ്തികകളുടെ എണ്ണത്തിലെ അനുപാതത്തിലുള്ള വ്യത്യാസം പരിഗണിച്ച് ക്ഷേത്ര ജീവനക്കാരിൽ നിന്നും ആഫീസ് അറ്റൻഡന്റ് തസ്തികയിലേക്കും വിവിധ തസ്തികകളിൽ നിന്നും വാച്ചർ ലാവണത്തിലേക്കും തസ്തികമാറ്റം ലഭിക്കുന്നവർക്ക് ക്ലാസ്ഫോർ ജീവനക്കാരുടെ തസ്തികയിൽ ജോലി നോക്കുമ്പോൾ വാങ്ങിവന്നിരുന്ന ശമ്പളം സംരക്ഷിച്ച് നൽകുന്നതോടൊപ്പം സമയബന്ധിത ഹയർഗ്രേഡിലൂടെ ആർജ്ജിച്ച ശമ്പളസ്കെയിൽ കൂടി സംരക്ഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ദേവസ്വം അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടു.

ഈ വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തു.

ക്ഷേത്ര ജീവനക്കാരുടെ തസ്തികയിൽ നിന്നും ആഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം ലഭിക്കുന്ന ജീവനക്കാർക്കും വിവിധ ക്ഷേത്ര ജീവന തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി വാച്ചർ തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്കും ശമ്പളം സംരക്ഷിച്ച് വരുന്നതിനോടൊപ്പം സമയബന്ധിത ഹയർഗ്രേഡിലൂടെ ആർജ്ജിച്ച ശമ്പളസ്കെയിൽ കൂടി സംരക്ഷിച്ച് നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

സെക്രട്ടറി

പകർപ്പ്:-

1. എല്ലാ ഡിപ്പാർട്ടുമെന്റ്/ ഓഫീസ് മേധാവികൾക്കും
2. ഐ.റ്റി ഡിവിഷൻ(പ്രസിദ്ധീകരണത്തിന്)
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി